**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയ്ക്കും പാലിനും സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കും പാലിനും നിലവിൽ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സമീകൃത കാലിത്തീറ്റയ്ക്ക് നിലവിൽ സബ്സിഡി അനുവദിക്കുന്നില്ല. എന്നാൽ കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.<br><br>ഈ സാമ്പത്തിക വർഷം പാലിന് സബ്സിഡി ഇനത്തിൽ (1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ) ആകെ 28.57 കോടി രൂപയാണ് ക്ഷീരവികസന വകുപ്പ് വകയിരുത്തിയിരിക്കുന്നത്. 2022 ജൂലൈ മുതൽ ക്ഷീരസഹകരണ സംഘത്തിൽ കർഷകർ അളക്കുന്ന 1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ ക്ഷീരവികസന വകുപ്പ് ക്ഷീരശ്രീ പോർട്ടൽ പ്രയോജനപ്പെടുത്തി സർക്കാരിന്റെ BIMS സംവിധാനത്തിലൂടെ ആണ് ധനസഹായം കർഷകരിലേക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) ആയി നൽകുന്നത്.<br><br>മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകൾ പ്രവർത്തന ലാഭത്തിൽ നിന്നും വിവിധ തരത്തിലുള്ള സബ്സിഡികൾ നൽകി വരുന്നു. തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾ കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നുണ്ട്. എറണാകുളം മേഖലായൂണിയൻറെ ലാഭത്തിനനുസരിച്ച് ക്ഷീര കർഷകർക്ക് ഇൻസന്റീവുകൾ നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കാലിത്തീറ്റയുടെ അമിത വില വർദ്ധനവു പരിഗണിച്ച് ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിനും, പാലിനും സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | വിവിധ ഏജൻസികൾ മുഖേന ക്ഷീരകർഷകർക്ക് നൽകുന്ന ധന സഹായങ്ങളെല്ലാം ഏകോപിപ്പിച്ചു കൊണ്ട് പരമാവധി ധനസഹായം ക്ഷീര കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.<br><br>ഉത്പ്പാദനചെലവ് ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിലും കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. മേഖലാ യൂണിയന്റെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ് വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീര കർഷകർക്ക് മിതമായ വിലക്ക് ലഭ്യമാക്കി വരുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്; ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീര സംഘം മുഖാന്തിരം ക്ഷീര കർഷകർക്ക് കിലോ ഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോട്ടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.<br><br>അസംസ്കൃത വസ്തുക്കൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടും കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് ആനുപാതികമായ വർദ്ധനവ് വരുത്തിയിട്ടില്ല. നിലവിൽ കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/- രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 185/- രൂപയും കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് 140/- രൂപയും നിലവിൽ വിലകുറവുണ്ട്. |

സെക്ഷൻ ഓഫീസർ